# അറുപത്തിയൊന്നാം വയസ്സിൽ കേരളം ഓർക്കേണ്ടത്

- സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന പ്രകാരമുള്ള കേരളം പിറവികൊണ്ടിട്ട് 61 വർഷങ്ങളായി. ഒരു ദേശത്തിന്റെ സംസ്കാരവും പുരോഗതിയും ഗമനദിശയുമൊക്കെ അടയാളപ്പെടുത്തുന്നതിന് ആറ് പതിറ്റാണ്ടുകൾ മതി. ചരിത്രത്തിന്റെ വഴിത്താരകളിൽ കേരളം കോറിയിട്ട ചില ചിത്രങ്ങളുണ്ട്. അവയിൽ ബഹുഭൂരിപക്ഷവും നന്മയുടെ മാതൃകകളാണ്.

ജനാധിപത്യ രീതിയിൽ ആദ്യം നടന്ന തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് മന്ത്രിസഭയെ തെരഞ്ഞെടുത്തുകൊണ്ട് കേരളം ലോകത്തെ ഒന്നു ഞെട്ടിച്ചു. ലോകത്ത് ആദ്യമായി ജനാധിപത്യമാർഗ്ഗത്തിൽ ഭരണത്തിലേറിയ കമ്യൂണിസ്റ്റ് മന്ത്രിസഭ വലിയ സാമൂഹ്യപാഠമായി. അന്നു തൊട്ട് ലോകം മുഴുവൻ കേരളത്തെ സാകൂതം നോക്കുകയായിരുന്നു. ഇപ്പോഴും തുടരുന്ന നോട്ടം.

കൃത്യം അഞ്ചു വർഷം കഴിഞ്ഞ് വീണ്ടുമൊരു തെരഞ്ഞെടുപ്പ്. നേതാക്കളെക്കാൾ ജനങ്ങൾക്ക് തിരിച്ചറിവുണ്ടായിരുന്നു. കമ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് തുടർച്ച അനുവദിച്ചില്ല. കോൺഗ്രസ് അധികാരത്തിലേക്ക്. പിന്നീടങ്ങോട്ട് അഞ്ചുവർഷത്തിലൊരിക്കൽ ഭരണമാറ്റം കൃത്യമായി സംഭവിക്കുന്നതാണ് കണ്ടത്. അത് കേരളജനതയുടെ വലിയ ജനാധിപത്യബോധമായി വിലയിരുത്തപ്പെട്ടു. ഒരു മുന്നണിയുടെ നയങ്ങളിലുള്ള തെറ്റും പതിരും പിന്നാലെ അധികാരത്തിലേറുന്ന മുന്നണി തിരിച്ചറിഞ്ഞ് തിരുത്തുന്നത് കേരളത്തിന് ഗുണവും ദോഷവും സമ്മാനിച്ചു. ഗുണഫലങ്ങൾക്കായിരുന്നു മുൻതൂക്കം.

കേരളത്തിലെ സാമൂഹ്യ അനാചാരങ്ങൾക്കും തിന്മകൾക്കുമെതിരെ ഉണ്ടായത് ജനകീയ മുന്നേറ്റങ്ങളാണ്, അല്ലാതെ സദാചാര ആൾക്കൂട്ടങ്ങളല്ല. പലപ്പോഴും പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പ്രമുഖ രാഷ്ട്രീയ കക്ഷികൾ തന്നെ മുൻകൈ എടുത്തിരുന്നതിനാൽ ജനങ്ങൾക്കിടയിൽ അസ്വാരസ്യങ്ങൾ കുറഞ്ഞു. മതസ്പർദ്ധയും ജാതിവൈരവും ഇതര ഭിന്നതകളും രൂക്ഷമാകാതെ സൗഹാർദ്ദം വളർന്നതിന് മുഖ്യ കാരണം ഈ രാഷ്ട്രീയ ഇടപെടലുകളാണ്. പല സാമൂഹ്യപ്രശ്നങ്ങളും സദാചാരക്കൂട്ടങ്ങൾക്ക് വിട്ടുകൊടുക്കാതെ അവധാനതയോടെ കൈകാര്യം ചെയ്യുവാൻ പക്വതയുള്ള വലത്-ഇടത് രാഷ്ട്രീയ നേതൃത്വം കേരളത്തിന് ഉണ്ടായിരുന്നു.

ആരോഗ്യ മേഖലയുടെ സത്വരപുരോഗതിക്ക് എപ്പോഴും മുൻഗണ നൽകിപ്പോന്ന സംസ്ഥാനമാണ് കേരളം. ശരാശരി ജീവിത ദൈർഘ്യം 74 വയസ്സാണ് എന്നു പറയുമ്പോൾ കേരളം യൂറോപ്യൻ രാജ്യങ്ങൾക്ക് തുല്യമായി. ശിശുമരണ നിരക്ക് ആയിരത്തിന് ആറ് എന്ന നിരക്കിലേക്ക് കുറച്ചുകൊണ്ടു വന്ന് റഷ്യയെക്കാളും ചൈനയെക്കാളും മുന്നലേക്ക് കയറിനിൽക്കുകയാണ് കേരളം.

ആകെ ജനസംഖ്യയുടെ 94 ശതമാനത്തിനും എഴുത്തും വായനും അറിയാമെന്നതും സംസ്ഥാനത്തിന്റെ മാത്രം മഹിമയാണ്. ആകെ പുരുഷൻമാരിൽ 96 ശതമാനത്തിനും സ്ത്രീകളിൽ 92 ശതമാനത്തിനും സ്വയം എഴുതാനും വായിക്കാനും ശേഷിയുണ്ട്. ഇനി പട്ടികജാതി പട്ടികവിഭാഗക്കാരിലോ, ഏതാണ്ട് 73 ശതമാനവും സാക്ഷരരാണ്. സമ്പൂർണ്ണ സാക്ഷരതയെന്ന രാഷ്ട്രത്തിന്റെ സ്വപ്നം കാലത്തിനു മുന്നേ സഞ്ചരിച്ച് സാക്ഷാത്കരിച്ച സംസ്ഥാനമാണ് കേരളമെന്ന് ആരാധ്യനായ രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് ദിവസങ്ങൾക്ക് മുമ്പ് പ്രസംഗിച്ചതേയുള്ളൂ. 'ലോക കമ്യൂണിസത്തിനു കണ്ടു പഠിക്കാൻ ഭാരതത്തിലൊരു കൊച്ചു സംസ്ഥാന'മെന്ന തലക്കെട്ടോടെ കേരളത്തെ പുകഴ്ത്തി രണ്ട് നാൾ മുമ്പ് ലേഖനം അച്ചടിച്ച് വന്നത് സാക്ഷാൽ വാഷിംഗ്ടൺ പോസ്റ്റിലാണ്.

ഇങ്ങനെ മഹത്തായ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച് മുന്നേറുകയാണ് കേരളം. എന്നാൽ നേട്ടങ്ങൾ ചില കോട്ടങ്ങൾ കൂടി സമ്മാനിക്കുന്നുണ്ടോ? വളർച്ചയുടെ പടവുകൾ കയറുമ്പോൾ പഴമയുടെ നന്മകൾക്ക് ഇടം കിട്ടാതെ പോകുന്നുവോ? പരിശോധിക്കണം. പഴമ, നന്മ ഇവയൊക്കെ ആപേക്ഷികങ്ങളാണ്. സമ്മതിക്കാം. എന്നാൽ അവയുടെ ആർജ്ജിതമൂല്യത്തോളം മതിപ്പ് മറ്റൊന്നിനുമില്ല. അതുകൊണ്ടാണ് വന്നവഴികളും പൈതൃകങ്ങളും അമൂല്യങ്ങളായിരിക്കുന്നത്. അവയെ സമ്പൂർണ്ണമായി തിരസ്കരിച്ച് കൊണ്ട് സൃഷ്ടിക്കുന്ന വികസനം പ്രയോജനം ചെയ്യില്ല. സ്വന്തം സംസ്കാരത്തെ കുറച്ചു കാണുന്നത് സ്വയം ഒരു കൂട്ടിൽ അകപ്പെടുന്നതിന് തുല്യമാണ്.

ഇന്റർനെറ്റ് വന്നപ്പോൾ സ്ഥലകാല ദൂരങ്ങൾക്ക് മേലെ നമുക്ക് എവിടെയും ചെന്നെത്താമെന്നായി. എന്നിട്ടും വയസ്സായ മാതാപിതാക്കൾക്കരികിൽ മക്കളില്ല. പിഞ്ചുപൈതങ്ങളെ കൊഞ്ചിപ്പിക്കാൻ മതാപിതാക്കൾക്കും നേരമില്ല. ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ എന്നത് കവിവാക്യം. സുഖസൗകര്യങ്ങൾ തന്നെയാണ് നമുക്ക് ചുറ്റും പ്രതിബന്ധത്തിന്റെ അഴിക്കൂട് തീർക്കുന്നത്. കൂട് സ്വർണ്ണം കൊണ്ടാകട്ടെ. അല്ലെങ്കിൽ തനി തങ്കവും മരതകവും കൊണ്ടായിക്കൊള്ളട്ടെ. അതിനുള്ളിൽ അടച്ചിട്ട കിളിക്ക് എന്തു സ്വാതന്ത്ര്യം! ഒന്ന് ചിറകടിച്ചാൽ ഏതു ദിക്കിലായാലും ഒന്നോ രണ്ടോ അടി പറക്കാൻ കഴിഞ്ഞാലായി. പിന്നെയും പറന്നാൽ സ്വർണ്ണക്കമ്പിയിൽ ചെന്നു മുട്ടും.

നാന്നൂറ്റി അൻപത് കോടി വർഷങ്ങൾക്ക് മുൻപ് പിറവികൊണ്ട ഭൂമിയിൽ ആദ്യ ജീവകണം രൂപം കൊണ്ടത് ഏതാണ്ട് 380 കോടി വർഷങ്ങൾക്ക് മുൻപാണെന്ന് ശാസ്ത്രമതം. ഇന്നേക്ക് 65 കോടി വർഷങ്ങൾക്ക് മുമ്പാണ് ദിനസോറുകളെന്ന ഭീമൻ ജീവികൾ ഭൂമുഖത്ത് നിന്ന് തുടച്ചു മാറ്റപ്പെട്ടതെന്നും ശാസ്ത്രം വിശദീകരിക്കുന്നു. അക്കാലത്തൊന്നും മനുഷ്യൻ ഭൂമിയിൽ ഇല്ലായിരുന്നു. വെറും രണ്ട് ലക്ഷം വർഷങ്ങൾക്ക് മുൻപാണല്ലോ ഹോമോസാപിയൻസ് എന്ന ആധുനിക മനുഷ്യന്റെ പുർവ്വികരൂപം ജന്മം കൊണ്ടത്. നഗ്നഗാത്രരും രോമാവൃതരുമായി ഉലകം ചുറ്റിയവർ. അയ്യായിരം വർഷങ്ങൾക്ക് മുൻപ് സിന്ധൂനദീയുടെ തീരത്ത് ഭാരതത്തിന്റെ സ്വന്തം ആദിമപൈതൃകം പൊട്ടിമുളച്ചു. മൂവായിരത്തി അഞ്ഞൂറ് ആണ്ടുകൾക്ക് മുൻപ് ഭാരതം വേദങ്ങളുടെ രൂപത്തിൽ ജീവിതദർശനങ്ങൾ കോറിയിട്ടു. രണ്ടായിരത്തി എണ്ണൂറ് വർഷങ്ങൾക്ക് മുൻപ് വേദങ്ങളെ വ്യാഖാനിക്കുന്ന ഉപനിഷദ് കഥകൾ എഴുതി. ചൈനയിൽ 1900 വർഷങ്ങൾക്ക് മുൻപ് കണ്ടു പിടിച്ച കടലാസ് ഭാരതത്തിലും വിപ്ലവം സൃഷ്ടിച്ചു. പറങ്കികൾ എത്യോപ്യയിലേക്ക് കപ്പൽ മാർഗ്ഗം അയച്ച ഒരു അച്ചടി യന്ത്രം ഇടത്താവളമായ ഗോവൻ തീരത്ത് ഇറക്കിവച്ചത് 450 വർഷം മുൻപാണ്. പിന്നീട് അത് തീരം വിട്ടില്ല. അങ്ങനെ 1556ൽ ആദ്യത്തെ അച്ചടി യന്ത്രവും ഭാരതത്തിന് ലഭിച്ചു.

വളർച്ചയുടെ പടവുകൾ കയറുമ്പോൾ പൈതൃകങ്ങളെ അപ്പാടെ തിരസ്കരിക്കാതെ നോക്കണം. നാന്നൂറ്റി അൻപത് കോടി വർഷങ്ങളായി പരിണാമങ്ങളുടെയും പുരോഗതിയുടെയും ചക്രം ഈ ഭൂഗോളത്തോടൊപ്പം തിരിഞ്ഞുകൊണ്ടിരിക്കുന്നു. അതിൽ അറുപത്തിയൊന്ന് വയസ്സ് തികയുന്ന കേരളം മറക്കാൻ പാടില്ലാത്ത ജീവിതമൂല്യങ്ങൾ ധാരാളമുണ്ട്. പുരോഗതിയുടെ തങ്കനൂലുകൾ കൊണ്ട് നമുക്ക് വികസനക്കൂടുകൾ അല്പം വിശാലമായിത്തന്നെ നിർമ്മിക്കാം. പഴമയുടെ നന്മയ്ക്ക് കൂടി അവിടെ ഇരിപ്പിടമുണ്ടാകട്ടെ.